ചിറ്റാർ കാരികയം സുനിലിന്റെ ദുരൂഹ മരണം

19 [2499] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ചിറ്റാർ കാരികയം എസ്റ്റേറ്റിലെ സുകുമാരന്റെ മകൻ സുനിലിന്റെ ദുരൂഹ മരണം സംബന്ധിച്ച് ചിറ്റാർ പോലീസിൽ പരാതി നൽകിയിരുന്നോ; ഇതിന്മേൽ എന്തു നടപടിയെടുത്തുവെന്ന് വിശദമാക്കാമോ;

(ബി) സുനിൽ എന്നാണ് മരണപ്പെട്ടതെന്നും എങ്ങനെയാണ് മരണപ്പെട്ടതെന്നും വെളിപ്പെടുത്തുമോ;

(സി) സുനിലിനെ ചിലർ അപായപ്പെടുത്തിയശേഷം അപകടമരണമാണെന്ന് വരുത്തിതീർക്കുകയായിരുന്നുവെന്ന ബന്ധുക്കളുടെ പരാതിയെപ്പറ്റി ലോക്കൽ പോലീസ് അന്വേഷിച്ച് എന്ത് നിഗമനത്തിലാണ് എത്തിയതെന്ന് വിശദമാക്കുമോ;

(ഡി) ഈ കേസിന്റെ അന്വേഷണം ലോക്കൽ പോലീസിൽനിന്നും മാറ്റി മറ്റാരെക്കൊണ്ടെങ്കിലും അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ചിറ്റാർ പോലീസ് സ്റ്റേഷനിൽ ക്രൈം 35/04 നമ്പരായി സെക്ഷൻ 174 സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ടിയാൻ മരണപ്പെട്ടത് 20-4-2004-ാം തീയതി 14.50-ന് ആണ്. മരണ കാരണം തലയിലേറ്റ പരിക്കാണെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാണുന്നു.

(സി) കേസ് അന്വേഷണാവസ്ഥയിലാണ്.

(ഡി) ലോക്കൽ പോലീസ് ടി കേസ് ഊർജ്ജിതമായി അന്വേഷിച്ചു വരുന്നതിനാൽ പ്രസ്തുത കേസിന്റെ അന്വേഷണം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കേണ്ട ആവശ്യകത ഇപ്പോഴില്ല.

താന്നിവിള എസ്. അനിതയുടെ മരണത്തെക്കുറിച്ച് അന്വേഷണം

20 [2500] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ വെടിവച്ചാൻകോവിൽ താന്നിവിള വാമ നിവാസിൽ എസ്. അനിതയുടെ മരണത്തിന് ഉത്തരവാദികളായവർക്കെതിരെ പോലീസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly